(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ഓരോ ക്ലാസ്സിൽ നിന്നും ഉള്ള വിദ്യാർത്ഥികളുടെ ഡ്രോപ് ഔട്ട് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.സി. സിലബസ് അനുവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ എണ്ണം, അനുപാതം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

പുതുതായി അനുവദിച്ച സ്കൂളുകൾ

83 [5063] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
„ സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ്കുട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾ അനുവദിച്ചു;

(ബി) ഇതിൽ പ്രൈമറി വിഭാഗത്തിൽ എത്ര; ഹയർ സെക്കന്ററി സ്കൂളുകൾ എത്ര;

(സി) ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ഡി) ഈ വർഷം പുതിയ ഏതെങ്കിലും കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) എയ്ഡഡ് മേഖലയിൽ പത്ത് ഹൈസ്കൂളുകൾ അനുവദിച്ചു.

(ബി) പ്രൈമറി, ഹയർ സെക്കന്ററി സ്കൂളുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(സി) കൊല്ലം-2, ആലപ്പുഴ-2, പാലക്കാട്-1, കോഴിക്കോട്-1, ഇടുക്കി-1, തൃശ്ശൂർ-1, മലപ്പുറം-1, തിരുവനന്തപുരം-1 എന്നിങ്ങനെയാണ് എയ്ഡഡ് ഹൈസ്കൂളുകൾ അനുവദിച്ചത്.

(ഡി) ഈ വർഷം പുതിയ കോഴ്സുകളൊന്നും അനുവദിച്ചിട്ടില്ല.

പുതുതായി അംഗീകാരം നൽകിയ സ്കൂളുകൾ

84 [5064] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം ഇനിയും അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ അനുവദിച്ച സ്കൂളുകൾ അടക്കം സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര അൺഎയ്ഡഡ് സ്കൂളുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ. ഇ. ആർ.-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലിരിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ല. നിലവിലുള്ള അൺഎയ്ഡഡ് സ്കൂളുകളുടെ എണ്ണം താഴെപറയുന്നു:

തിരുവനന്തപുരം	..	56
കൊല്ലം	..	34
പത്തനംതിട്ട	..	34
ആലപ്പുഴ	..	22
കോട്ടയം	..	45
ഇടുക്കി	..	18
എറണാകുളം	..	70
തൃശ്ശൂർ	..	37
പാലക്കാട്	..	39
മലപ്പുറം	..	52
കോഴിക്കോട്	..	34
വയനാട്	..	12
കണ്ണൂർ	..	27
കാസർഗോഡ്	..	20

പ്രീ-പ്രൈമറി സ്കൂളുകൾ

85 [5065] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുകളോട് അനുബന്ധിച്ച് എത്ര പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly